II ഇ.ബി. XII- കേരള നിയമസഭ/XIV-16

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**ചോദ്യോത്തരങ്ങൾ – സംഗ്രഹം**

2010 മാർച്ച് 23, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

50(*451)നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്താൻ നടപടികൾ

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) നൽകിയ മറുപടിയിൽ, ശാസ്ത്രീയമായ ഇൻവെന്ററി മാനേജ്മെന്റ് സംവിധാനം നടപ്പാക്കി എല്ലാ വിൽപ്പനശാലകളിലും ആവശ്യത്തിന് സ്റ്റോക്കുണ്ടെന്ന് ഉറപ്പുവരുത്തി ഇൻഡന്റിംഗ് സംവിധാനം പരിഷ്ക്കരിക്കുകവഴി ഓരോ വിൽപ്പനശാലയിലേയ്ക്കും ആവശ്യമുള്ള സാധനങ്ങളുടെ അളവ്, കഴിഞ്ഞ മൂന്ന് മാസത്തെ ശരാശരി വിൽപ്പന, ലീഡ് ടൈം കൺസംപ്ഷൻ പാറ്റേൺ, ഉപഭോക്താക്കളുടെ ആവശ്യകത എന്നിവയുടെ അടിസ്ഥാനത്തിൽ ചിട്ടപ്പെടുത്തി വാങ്ങുകയും വിതരണശാലകളിൽ എത്തിക്കുകയും ചെയ്തതുവഴി അരിയുടേയും മറ്റ് നിത്യോപയോഗ സാധനങ്ങളുടേയും ലഭ്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഹെഡ് ഓഫീസ് തലത്തിൽ ഒരു സ്റ്റോക്ക് മോണിട്ടറിംഗ്

സെൽ പ്രവർത്തിപ്പിക്കുകയും ദിനംപ്രതി വിൽപ്പനശാലകളിലുള്ള സ്റ്റോക്ക് നിലവാരം (on random basis) അവലോകനം ചെയ്യുകയും വിൽപ്പനശാലകളിലെ സ്റ്റോക്ക്, ഗുണനിലവാരം തുടങ്ങിയവ പരിശോധനകൾക്ക് വിധേയമാക്കുകയും ചെയ്യുകവഴി അഴിമതിരഹിതമായ അന്തരീക്ഷം സൃഷ്ടിച്ച് അവശ്യസാധനങ്ങളുടെ ലഭ്യത, ഗുണം, വിലനിലവാരം എന്നിവ ഉറപ്പാക്കുന്നു. സപ്ലൈകോയിൽ എല്ലായിപ്പോഴും രണ്ട് മാസത്തെ സ്റ്റോക്ക് ഉറപ്പുവരുത്തുന്നു. ഇ-ടെണ്ടർ മുഖേനയും Multi Commodity Exchange, National Commodity Exchange and Derivative Exchange എന്നീ മാർഗ്ഗങ്ങൾ മുഖേനയും പി.ഇ.സി. ഏജൻസി മുഖേനയുമാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നിത്യോപയോഗ സാധനങ്ങൾ സുതാര്യമായി വാങ്ങുന്നത്. 13 ഇനം നിത്യോപയോഗ സാധനങ്ങൾ 50 ശതമാനം സബ്സിഡിയോടുകൂടി സപ്ലൈകോ വഴി വിതരണം ചെയ്യുന്നുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങളുടെ അളവിലും തൂക്കത്തിലും ഗുണനിലവാരത്തിലും പരാതിയുണ്ടെങ്കിൽ അത്തരം സാധനങ്ങൾ തിരികെക്കൊടുത്ത് പകരം സാധനങ്ങൾ വാങ്ങുന്നതിനും റീപേയ്മെന്റ് നടത്തുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുവിപണിയിൽ വില കുറയുന്നതിന് ആനുപാതികമായി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകളിലും വില കുറയ്ക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടി പ്രത്യേക സാമ്പത്തിക സഹായം നൽകുന്നതിന് കേന്ദ്ര റിവോൾവിംഗ് ഫണ്ട് രൂപീകരിക്കണമെന്നും നിത്യോപയോഗസാധനങ്ങൾകൂടി റേഷൻ കടകൾ

വഴി വിതരണം ചെയ്യണമെന്നും മണ്ണെണ്ണ വിഹിതം ഇപ്പോഴുള്ള നിലയിൽത്തന്നെ തുടരണമെന്നും എ.പി.എൽ. വിഭാഗത്തെ സംബന്ധിച്ച കേന്ദ്രസർക്കാരിന്റെ ഫുഡ് സെക്യൂരിറ്റി ആക്ടിലെ നിർദ്ദേശങ്ങൾ പുന:പരിശോധിക്കണമെന്നും യൂണിവേഴ്സൽ റേഷൻ സമ്പ്രദായം നടപ്പിലാക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. എല്ലാ റേഷൻ കടകളിലും കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സംസ്ഥാനത്ത് 86 മാവേലി ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ജില്ലാതലത്തിൽ ഏറ്റവും കുറഞ്ഞത് പത്ത് മാവേലി ഹോട്ടലുകൾ വീതം ആരംഭിക്കാൻ കളക്ടറും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും അടങ്ങുന്ന ഒരു സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും മാവേലി ഹോട്ടലുകളുടെ നടത്തിപ്പിന് കുടുംബശ്രീ മുന്നോട്ടുവരികയാണെങ്കിൽ ആവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കുന്നതാണെന്നും മാവേലി ഹോട്ടലുകൾ നടത്തുന്നവർക്ക് ഗ്യാസ് കണക്ഷന് സബ്സിഡി അനുവദിക്കുന്ന കാര്യം എണ്ണക്കമ്പനികളുമായി നെഗോഷ്യേറ്റ് ചെയ്യേണ്ടതാണെന്നും മന്ത്രി അറിയിച്ചു. ജസ്റ്റീസ് മുരളീധരൻ കമ്മീഷന്റെ ശുപാർശ പ്രകാരം സപ്ലൈകോയിൽ നടന്ന അഴിമതികളെക്കുറിച്ച് അന്വേഷണം നടത്താൻ സി.ബി.ഐ.യോട് ആവശ്യപ്പെട്ടതിനെത്തുടർന്ന് സംസ്ഥാന സർക്കാർ നിർദ്ദേശിച്ച 20 കേസ്സുകളിൽ 6 എണ്ണം സി.ബി.ഐ. ഏറ്റെടുക്കുകയും മറ്റ് കേസ്സുകൾ സംസ്ഥാന സർക്കാരിന്റെ അന്വേഷണത്തിന് വിടുകയും ചെയ്തു. സി.ബി.ഐ. ഏറ്റെടുത്ത കേസ്സുകളിൽ നാലെണ്ണം അന്വേഷണം പൂർത്തിയാക്കി ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. ഒന്നാംപ്രതിയാക്കി

കുറ്റപത്രം നൽകിയ സപ്ലൈകോയുടെ മുൻ സി.എം.ഡി.യുടെ പേരിൽ ശക്തമായ നടപടിയെടുക്കാൻ ആവശ്യപ്പെടുകയും മറ്റുള്ളവരുടെ പേരിൽ തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. എന്നാൽ സി.ബി.ഐ. അന്വേഷണം തൃപ്തികരമല്ലാത്തതിനാൽ കൂടുതൽ അന്വേഷണം നടത്തണമെന്ന സപ്ലൈകോയുടെ ആവശ്യം ഹൈക്കോടതിയുടെ പരിഗണനയിലാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ജീവനക്കാർക്കെതിരെ നിലവിൽ 58 വിജിലൻസ് കേസ്സുകളുള്ളതായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ തുടങ്ങുന്ന കാര്യം പരിഗണിക്കുന്നതാണെന്നും കൂപ്പൺ സമ്പ്രദായത്തിലൂടെ റേഷൻ വിതരണം നടത്തുന്നതിലുള്ള വിയോജിപ്പ് കേന്ദ്ര സർക്കാരിനെ രേഖാമൂലം അറിയിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

51 (*452 & *471) <u>വനമേഖലയിൽ ഔഷധസസ്യങ്ങളുടെ സംരക്ഷണം</u>

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) നൽകിയ മറുപടിയിൽ, വനമേഖലയിലെ ഔഷധസസ്യങ്ങളെ അവയുടെ തനത് ആവാസവ്യവസ്ഥയിൽതന്നെ സംരക്ഷിക്കുന്നതിന് ഔഷധ സസ്യസാന്ദ്രത കൂടുതലുള്ള 9 സ്ഥലങ്ങളിൽ മെഡിസിനൽ പ്ലാന്റ് കൺസർവേഷൻ ഏരിയകളാക്കി 1991 മുതൽ സംരക്ഷണം നൽകി വരുന്നുണ്ടെന്നും ഔഷധസസ്യത്തോട്ട നിർമ്മാണം, ഔഷധസസ്യവിതരണം എന്നിവ ലക്ഷ്യമിട്ടുകൊണ്ട് നാഷണൽ മെഡിസിനൽ പ്ലാന്റ്സ് ബോർഡ് സഹായത്തോടെ ഔഷധഗുണമുള്ള വൃക്ഷങ്ങൾ തേക്കുതോട്ടങ്ങളിൽ

അടിവിളയായി വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതിയും കേരളത്തിലെ ഔഷധ ഗുണമുള്ള പ്രധാന വൃക്ഷയിനങ്ങൾ നട്ടുവളർത്തുന്നതിനുള്ള പദ്ധതിയും സംസ്ഥാനത്തിന്റെ പദ്ധതി ഫണ്ട് ഉപയോഗിച്ച് 'ഔഷധസസ്യകൃഷി വികസിപ്പിക്കൽ' പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. ഔഷധസസ്യങ്ങളുടെ തൈകൾ വനം വകുപ്പ് ഉല്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നുണ്ട്. വനസംരക്ഷണ പരിപാലന കാര്യങ്ങൾ വനം വകുപ്പുമായി ചേർന്ന് സംയുക്തമായി നിർവ്വഹിക്കുന്നതിന് സംസ്ഥാ നത്ത് ആകെ 412 വനസംരക്ഷണ സമിതികളും 193 ഇക്കോ-ഡവലപ്പ്മെന്റ് കമ്മിറ്റികളും പ്രവർത്തിച്ചുവരുന്നതിൽ 68 വനസംരക്ഷണ സമിതികളിലെ അംഗങ്ങൾ ആദിവാസികൾ മാത്രമാണ്. വനസംരക്ഷണ സമിതികൾ, ഇക്കോ-ഡവലപ്പ്മെന്റ് കമ്മിറ്റികൾ എന്നിവ എല്ലാ വനമേഖലയിലുമുള്ള ഔഷധസസ്യങ്ങളെ തനത് ആവാസവ്യവസ്ഥയിൽ സംരക്ഷിച്ചുവരുന്നു. ഇതു കൂടാതെ വനസംരക്ഷണ സമിതികൾക്ക് പ്രവർത്തനമേഖലയിലെ വനം കയ്യേറ്റം, കാട്ടുതീ, മൃഗവേട്ട തുടങ്ങി പലനിലയിലുമുള്ള വനനശീകരണ പ്രവണതകൾ തടയൽ, സൂക്ഷ്മാസൂത്രണ രേഖ - വാർഷിക കർമ്മ പരിപാടി നടപ്പാക്കൽ, ഗ്രാമവാസികളെ (അവിടത്തെ പൊതുജനങ്ങളെ) വനസംര ക്ഷണ പ്രവർത്തനങ്ങളെക്കുറിച്ചു ബോദ്ധ്യപ്പെടുത്തി ഒരു ജനകീയ പ്രസ്ഥാന മായി വനസംരക്ഷണവും, പ്രകൃതി സംരക്ഷണവും വളർത്തിക്കൊണ്ടുവരൽ, പ്രവർത്തനമേഖലയ്ക്ക് വെളിയിൽ വരുന്ന വനപ്രദേശത്തിന്റെ സംരക്ഷണം ഉറപ്പാക്കാൻ വനം വകുപ്പിനെ സഹായിക്കൽ, അടിയന്തിരപ്രാധാന്യമുള്ള മറ്റു വനപ്രവൃത്തികൾ ചുമതലാബോധത്തോടെ ഏറ്റെടുത്തു പൂർത്തീകരിക്കൽ എന്നീ ചുമതലകൾ കൂടിയുണ്ട്. വനസംരക്ഷണ സമിതികൾക്ക് ചുമതലപ്പെ

ടുത്തിയ സ്ഥലത്ത് നിന്ന് ലഭ്യമാകുന്ന തടിയേതര വനവിഭവങ്ങൾ ശേഖരിക്കാനും സ്വന്തം ആവശ്യങ്ങൾക്കായി കാലിത്തീറ്റ, വിറക് എന്നിവ ശേഖരിക്കാനും മുള, ഈറ്റ മുതലായവ സീനിയറേജ് നിരക്കിൽ മൈക്രോപ്ലാൻ അനുസരിച്ച് ലഭിക്കാനുമുള്ള അവകാശമുണ്ട്. കൂടാതെ വന സംരക്ഷണ സമിതികൾ വച്ചുപിടിപ്പിച്ച തോട്ടങ്ങളിൽ നിന്നും ലഭിക്കുന്ന അറ്റാദായത്തിന്റെ 10 ശതമാനവും അവർ സംരക്ഷിച്ച വനപ്രദേശത്തു നിന്നും ലഭിക്കുന്ന മറ്റ് വനവിഭവങ്ങളുടെ അറ്റാദായത്തിന്റെ 25 ശതമാനവും സമിതികൾക്ക് ലഭിക്കുന്നതാണ്. 2008-09 വർഷത്തിൽ 172 ഹെക്ടർ സ്ഥലത്തും 2009-2010 വർഷത്തിൽ 176 ഹെക്ടർ സ്ഥലത്തും വി.എസ്.എസ്-കളും ഇ.ഡി.സി-കളും ഔഷധസസ്യക്കൃഷി ചെയ്തിട്ടുണ്ട്. എന്റെ മരം പദ്ധതിയുടെ ഭാഗമായി ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്ന പദ്ധതി പരിഗണനയിലാണ്. നട്ടുവളർത്താതെയും കൃഷി ചെയ്യാതെയും കാലാവസ്ഥയുടെ അടിസ്ഥാനത്തിൽ വന ഉൾപ്രദേശങ്ങളിൽ വളർന്നുവരുന്ന ഔഷധ ചെടികൾ ഇനം തിരിച്ച് കണ്ടെത്തി സംരക്ഷിക്കുന്നതിന് വി.എസ്.എസ്/ഇ.ഡി.സി/വനം വകുപ്പ് എന്നിവയ്ക്കു പുറമെ കെ.എഫ്.ആർ.ഐ-യും ബാംഗ്ലൂരിലെ Foundation for Revitalisation of Local Herb Traditions എന്ന ഗവേഷണ സ്ഥാപനവും സഹായിക്കുന്നുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. വംശനാശം നേരിടുന്ന ഔഷധസസ്യങ്ങൾ പരിപോഷിപ്പിക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. സ്വന്തം പുരയിടത്തിൽ ഔഷധ സസ്യങ്ങൾ നട്ടുപിടിപ്പിക്കുന്നതിനുള്ള പ്രചാരണം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആദിവാസി

സമൂഹത്തിന്റെ കയ്യിലുള്ള അമൂല്യ ഔഷധ കൂട്ടുകൾക്ക് പേറ്റന്റ് നേടിയെടുക്കുന്ന കാര്യം പരിഗണിക്കാവുന്നതാണെന്നും സ്വാഭാവിക വനങ്ങളെ നശിപ്പിക്കുന്ന രീതിയിൽ പുതിയതായി ഒരു തോട്ടവും വച്ചുപിടിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ലെന്നും പാലോട് തുടക്കമിട്ട ഔഷധവനം പദ്ധതി മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

52 (*453) <u>സംസ്ഥാനത്ത് പ്രത്യേക സിവിൽ സർവ്വീസ് രൂപീകരണം</u>

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) നൽകിയ മറുപടിയിൽ, സുതാര്യമായ ഭരണ നിർവ്വഹണത്തിലൂടെ അഴിമതിരഹിതവും കാര്യക്ഷമവുമായ സിവിൽ സർവ്വീസ് കെട്ടിപ്പടുക്കുക എന്നതാണ് സർക്കാരിന്റെ നയമെന്നും 3-ാം ഭരണ പരിഷ്ക്കാര കമ്മിറ്റിയുടെ ശുപാർശകളിൽ മിക്കവയും നടപ്പിലാക്കിവരുന്നുവെന്നും അതനുസരിച്ച് പൗരാവകാശ പത്രിക പ്രസിദ്ധീകരിക്കൽ, വിവരങ്ങൾ അറിയുവാനുള്ള അവകാശം, പരാതി പരിഹാര സംവിധാനം, അന്വേഷണ കൗണ്ടറുകളുടെ രൂപീകരണം, അധികാര വികേന്ദ്രീകരണം, ഹാജർനില നിരീക്ഷിക്കൽ, കമ്പ്യൂട്ടർവൽക്കരണം എന്നീ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. ഭരണം കാര്യക്ഷമമായി നടക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനായി ഗവൺമെന്റ് ഓഫീസുകളിൽ ഇൻസ്പെക്ഷൻ നടത്തുന്നുണ്ട്. സെക്രട്ടേറിയറ്റിലെ ഭരണനിർവ്വഹണത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും കാലതാമസം ഒഴിവാക്കുന്നതിനുമായി നടപടി സ്വീകരിച്ചിട്ടുണ്ട്. പൊതുജന സൗകര്യത്തിനായി സെക്രട്ടേറിയറ്റിലെ പ്രധാന മൂന്നു കവാടങ്ങളിൽ സന്ദർശക സഹായക കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. എല്ലാ

വകുപ്പുകളിലും ഫയൽ ട്രാക്കിംഗ് സംവിധാനമായ IDEAS ഫലപ്രദമായി നടപ്പിലാക്കി വരുന്നു. ഫയലുകൾ കമ്പ്യൂട്ടർ വഴി പ്രോസസ് ചെയ്യുന്ന തിനുള്ള ഇലക്ട്രോണിക് ഫയൽ പ്രോസസിംഗ് സംവിധാനം പ്രാരംഭ ഘട്ടത്തിൽ സെക്രട്ടേറിയറ്റിലെ ഏഴ് വകുപ്പുകളിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. വിവര സാങ്കേതിക വിദ്യാവകുപ്പിൽ ഇതിന്റെ ട്രയൽ റൺ ആരംഭിച്ചു കഴിഞ്ഞു. താമസിയാതെ മറ്റ് വകുപ്പുകളിലും ഈ സംവിധാനം ഏർപ്പെടുത്തുന്നതാണ്. ഗവൺമെന്റ് ഉദ്യോഗസ്ഥരുടെ കർമ്മശേഷി വർദ്ധിപ്പിക്കുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് എന്ന സ്ഥാപനത്തിൽ ജീവനക്കാർക്ക് വിവിധ പരിശീലനങ്ങൾ നൽകുന്നുണ്ട്. 2009-ന് ശേഷം നിയമനം ലഭിച്ചിട്ടുള്ള സെക്രട്ടേറിയറ്റ് അസി സ്റ്റന്റ്, എൽ.ഡി.ക്ലാർക്ക് എന്നീ വിഭാഗക്കാർക്ക് ആരംഭത്തിൽ 18 ദിവസം നീളുന്ന ഇൻഡക്ഷൻ ട്രെയിനിംഗ് പ്രോഗ്രാം ഐ.എം.ജി.യുടെ ആസ്ഥാന മായ തിരുവനന്തപുരത്തും കൊച്ചി, കോഴിക്കോട് എന്നീ പ്രാദേശിക കേന്ദ്ര ങ്ങളിലുമായി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഇൻഡക്ഷൻ ട്രെയിനിംഗി നായുള്ള പാഠ്യപദ്ധതിയിൽ ഓഫീസ് മാന്വലുകൾ, റൂൾസ് ഓഫ് ബിസിനസ്, സർവ്വീസ് റൂൾസ്, കോണ്ടക്ട് റൂൾസ്, അച്ചടക്ക നടപടികൾ, കോടതി നടപടികൾ, നിയമസഭാ നടപടികൾ, ബഡ്ജറ്റിംഗ്, വിവിധ ധനവിനിയോഗ കോഡുകൾ, വിവരാവകാശ നിയമം, കമ്പ്യൂട്ടർ ട്രെയിനിംഗ്, ഇ-ഗവേർണൻസ്, മീഡിയ മാനേജ്മെന്റ്, പൗരാവകാശ രേഖ, ആഡിറ്റിംഗ് തുടങ്ങിയവ ഉൾപ്പെടുന്നു. പൊതുജനങ്ങൾ അധികമായി ബന്ധപ്പെടുന്ന വകുപ്പുകളിൽ നിലവിലിരിക്കുന്ന കോഡുകളും ആക്ടുകളും പരിഷ്ക്കരിക്കു ന്നതിനും പ്രസിദ്ധീകരിക്കുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്. സർക്കാർ

ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും അവരിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടു ത്തുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടുകൂടി സെക്രട്ടേറിയറ്റിലും തെരഞ്ഞെടുക്കപ്പെട്ട വകുപ്പുകളിലും നടപ്പിലാക്കി വരുന്ന സേവന പ്രദാന നയത്തിന്റെ ഭാഗമായി എട്ട് വകുപ്പുകൾ വകുപ്പുതല സേവന പ്രദാന തന്ത്ര ങ്ങൾക്ക് അന്തിമ രൂപം നൽകിക്കഴിഞ്ഞിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടേയും അംഗീകൃത സർവ്വീസ് സംഘടനാ പ്രതിനിധികളുടെ ഒരു യോഗം 24.9.2007-ൽ നടത്തുകയുണ്ടായി. വിശദമായ ചർച്ചയും പരിശോധനയും ആവശ്യമായതിനാൽ ഇപ്പോൾ പ്രത്യേക സിവിൽ സർവ്വീസ് രൂപീകരിക്കേണ്ടതില്ലെന്നാണ് തീരുമാനിച്ചിരിക്കു ന്നതെന്നും സർക്കാർ ഓഫീസുകളിലുണ്ടാകുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശം പാലിക്കാത്ത വകുപ്പുമേധാവികൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്ന മിടാത്ത 3761 മുതൽ 3928 വരെയുള്ള ചോദ്യങ്ങളിൽ 94 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)